തദ്ദേശസ്വയംഭരണ (നഗരകാര്യ) വകുപ്പ് സെക്രട്ടറി ചെയർമാനായുള്ള ഒരു സംസ്ഥാനതല സെലക്ഷൻ കമ്മിറ്റിയേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ.-കൾ തയ്യാറാക്കുന്നതിനുള്ള സാങ്കേതിക സഹായം നഗരസഭകൾക്ക് ലഭ്യമാക്കുന്നതിന് വിവിധ അടിസ്ഥാന സൗകര്യവികസന മേഖലകളിൽ പ്രാവീണ്യം തെളിയിച്ചിട്ടുള്ള 31 കൺസൾട്ടൻസി സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത് എംപാനൽ ചെയ്തിട്ടുണ്ട്. ഈ കൺസൾട്ടിംഗ് ഏജൻസികൾ മുഖേന നഗരസഭകൾ തയ്യാറാക്കുന്ന പ്രോജക്ട് റിപ്പോർട്ടുകൾ വിലയിരുത്തുന്നതിന് നാല് ടെക്നിക്കൽ എക്സ്പെർട്ട് കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. നഗരസഭയും കൺസൾട്ടൻസി ഏജൻസിയും നോഡൽ ഏജൻസിയും തമ്മിലുള്ള ഒരു ത്രികക്ഷി കരാർ ഒപ്പുവയ്ക്കുന്ന മുറയ്ക്ക് മേൽപ്പറഞ്ഞ ടെക്നിക്കൽ എക്സ്പെർട്ട് കമ്മിറ്റികൾ അംഗീകരിക്കുന്ന പ്രിലിമിനറി പ്രോജക്ട് റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട ഡി.പി.ആർ.-കൾ തയ്യാറാക്കി നഗരസഭകൾക്ക് നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

അമൃത് പദ്ധതി

140 (1514) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ അമൃത് പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം പ്രസ്തുത നഗരങ്ങൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് കൈവരിക്കുവാൻ സാധിക്കുകയെന്നുള്ളത് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയിൽ കേന്ദ്ര-സംസ്ഥാന-തദ്ദേശ സ്ഥാപന വിഹിതം എത്രയാണെന്നും ഈ പദ്ധതിക്കായി കേന്ദ്ര വിഹിതമായി എത്ര തുകയാണ് ലഭ്യമാകുകയെന്നും വിശദമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, ആലപ്പുഴ, പാലക്കാട്, ഗുരുവായൂർ.

(ബി) കുടിവെള്ള വിതരണം, മാലിന്യജല നിർഗ്ഗമന ഓടകളുടെ നിർമ്മാണം, മഴ വെള്ളം ഒഴുകിപ്പോകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തൽ, പൊതു ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, ഗ്രീൻസ്പെയ്സുകളും പാർക്കുകളും ഒരുക്കി നൽകൽ എന്നിങ്ങനെയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ അമൃത് പദ്ധതിയിലൂടെ മേൽപ്പറഞ്ഞ നഗരങ്ങൾക്ക് സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തെ അമൃത് പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന-തദ്ദേശ സ്ഥാപന വിഹിതം 50:30:20 ശതമാനമായാണ് നിലവിൽ നിശ്ചയിച്ചിട്ടുള്ളത്. കേന്ദ്ര നഗരകാര്യ വകുപ്പിന്റെ അപ്പക്സ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുള്ള 587.48 കോടി രൂപയുടെ അമൃത് പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള കേന്ദ്ര വിഹിതം 287.98 കോടി രൂപയാണ്.

ക്ലീൻ കേരള കമ്പനി

141 (1515) ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ലീൻ കേരള കമ്പനി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ നഗരങ്ങളിലെ മാലിന്യ സംസ്കരണത്തിനായി ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി, പരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിൽ, പദ്ധതി തയ്യാറാക്കി നടപ്പിലാക്കുകയും പ്ലാന്റുകൾ സ്ഥാപിക്കുകയും അതുവഴി മെച്ചപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളെ സഹായിക്കുകയുമാണ് പ്രധാന ലക്ഷ്യം. കൂടാതെ സംസ്ഥാനത്ത് പ്ലാസ്റ്റിക് മാലിന്യങ്ങളും ഇലക്ട്രോണിക് മാലിന്യങ്ങളും പരിസ്ഥിതിക്ക് കോട്ടം വരാത്ത നിലയിൽ സംസ്കരിക്കുക എന്നതും ഇതിന്റെ പ്രവർത്തന ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly